ആവണിപ്പാറ ആദിവാസി കോളനി നടപ്പാലം

89 (424) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പാലം പഞ്ചായത്തിലെ ആവണിപ്പാറ ആദിവാസി കോളനിയിലേയ്ക്ക് നടപ്പാലം നിർമ്മിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് വനംവകുപ്പിന്റെ അനുമതി തേടിയിരുന്നോ;

(ബി) വനം വുകുപ്പ് ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ നടപ്പാലം നിർമ്മിക്കുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപ്പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ പട്ടിക വർഗ്ഗ വികസന വകുപ്പ് ആവശ്യപ്പെട്ടിരുന്നു.

(ബി)&(സി) പാലം നിർമ്മിക്കുന്നതിലേയ്ക്കായി ലോകഭക്ഷ്യ പരിപാടിയിലെ ജനറേറ്റഡ് ഫണ്ടിൽനിന്ന് 3 ലക്ഷം രൂപ 14.10.96 ൽ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ അനുവദിക്കുകയുണ്ടായി. അതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നതുമാണ്. എന്നാൽ 25.7.97 ൽ കൂടിയ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ പ്രസ്തുത ജോലി റദ്ദാക്കിയതിന്റെ അടിസ്ഥാനത്തിൽ നടപ്പാലം പണിയുടെ അനന്തര നടപടികൾ നിറുത്തിവയ്ക്കുകയുണ്ടായി. കോന്നി ഫോറസ്റ്റ് ഡിവിഷൻ ആദിവാസി ക്ഷേമ സെല്ലിന്റെ (സുരക്ഷാ സെൽ) 18.11.2000 ൽ നടന്ന പ്രഥമ യോഗത്തിൽ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആവണിപ്പാറ കടവിൽ ഒരു തൂക്കുപാലം നിർമ്മിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉദ്ദേശ്യം 7.50 ലക്ഷം രൂപ ചെലവു വരുന്ന പ്രസ്തുത പാലംപണി വനം വകുപ്പ് ഏറ്റെടുത്ത് ചെയ്യണമെന്നാണ് ഉദ്ദേശ്യം.

റാന്നി ഫോറസ്റ്റ് ഡിവിഷൻ ഓഫീസിനു കീഴിൽ നടപ്പാക്കിയിട്ടുള്ള വികസന പരിപാടികൾ

90 (425) ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റാന്നി ഫോറസ്റ്റ് ഡിവിഷൻ ഓഫീസിന് കീഴിൽ, നടപ്പാക്കിയിട്ടുള്ള വികസന പരിപാടികൾ ഏതൊക്കെ എന്ന് ഇനംതിരിച്ച് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എന്തു തുകവീതം ചെലവായി;

(സി) മണ്ണിക്കോട് മണിയാർ റോഡിന്റെ ആദ്യഘട്ടം അറ്റകുറ്റപ്പണികൾ നടത്താനും രണ്ടാംഘട്ടം ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കാനുള്ള തീരുമാനം നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 820.13 ഹെക്ടർ വനഭൂമിയിൽ പുതിയതായി തേക്ക്, ഈട്ടി, വെള്ളമരം തുടങ്ങിയവയുടെ തോട്ടങ്ങൾ ഉണ്ടാക്കി.

(2) നിലവിലുള്ള 1712.96 ഹെക്ടർ തോട്ടങ്ങളുടെ സംരക്ഷണവും പരിപാലനവും നിർവ്വഹിച്ചിട്ടുണ്ട്.

(3) റോഡുകളുടെയും കെട്ടിടങ്ങളുടെയും മരാമത്തു പണികൾ നടത്തുകയുണ്ടായി. ഇവയിൽ പ്രാധാന്യമർഹിക്കുന്ന ജോലികളുടെ വിവരം താഴെക്കൊടുക്കുന്നു.

(i) മണിയാർ മണ്ണിത്തോട് റോഡിൽ രണ്ടു കലുങ്കുകളുടെ നിർമ്മാണം.

(ii) 4.7 കി.മീ. ദൈർഘ്യമുള്ള 'ടി' റോഡിന്റെ മെറ്റലിംഗ് ജോലികൾ

(iii) മുണ്ടൻപാറ ഗുരുനാഥൻമണ്ണ് റോഡിന്റെ മെറ്റലിംഗും ടാറിംഗും (1.5 കി.മീ.)

(iv) റാന്നി റെയിഞ്ചിൽ ഒരു ടൈപ്പ് 3 ക്വാർട്ടേഴ്സ്, ഒരു സെമി പെർമനന്റ് കെട്ടിടം.

(v) ഗൂഡ്രിക്കൽ റെയിഞ്ചിൽ പ്ലാപ്പള്ളിയിൽ ഒരു ടൈപ്പ് 1 ക്വാർട്ടേഴ്സ്.

(vi) വടശ്ശേരിക്കര ഐ.ബി.യുടെ പുനർ നിർമ്മാണം.

(4) പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാർക്കായി താഴെപ്പറയുന്ന ക്ഷേമപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

(i) 1997-98 വർഷത്തിൽ ഒളികല്ല് പട്ടികവർഗ്ഗ കോളനിയിൽ 4 വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകി.

(ii) 3 ഗിരിജൻ വിദ്യാർത്ഥികൾക്ക് പഠനാവശ്യങ്ങൾക്ക് ഫർണിച്ചർ വിതരണം ചെയ്തു.

(iii) 1998-99 വർഷത്തിൽ ളാഹ, അടിച്ചിപ്പുഴ, ചൊള്ളാണവയൽ എന്നീ പട്ടികവർഗ്ഗ കോളനിയിലെ 26 വീടുകൾ വൈദ്യുതീകരിച്ചു.

(iv) കുറുംബൻമൂഴി പട്ടികവർഗ്ഗ കോളനിയിലെ കമ്മ്യൂണിറ്റി ഹാളിന് 8 സെറ്റ് ഫർണിച്ചറുകൾ നൽകി.

(v) ളാഹ, മണക്കയം, കൊടുമുടി, ഒളിക്കല്ല് എന്നീ പട്ടികവർഗ്ഗ കോളനിയിൽ ഓരോ വീടുവീതം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകി.

(5) പ്രക്ഷിണ, സ്വാഭാവിക വനത്തിന്റെ പുനരുജ്ജീവനം, ഈറ്റ, മുള ഇവയുടെ പുനരുജ്ജീവനം തുടങ്ങിയവ ലക്ഷ്യമിടുന്ന ലോകബാങ്ക് സഹായത്തോടെയുള്ള കേരളാ ഫോറസ്ട്രി പ്രോജക്ടിൽ എ.എൻ.ആർ. (540.25 ഹെക്ടർ) ആർ.ഡി.എഫ്. (514.65 ഹെക്ടർ) ആർ.ആർ.ബി. (240.25 ഹെക്ടർ) എന്നീ പദ്ധതികൾ ഈ ഡിവിഷനിൽ 1998-99 മുതൽ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. കൂടാതെ കേരള ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി പങ്കാളിത്ത വനവികസന പദ്ധതിയും ഈ ഡിവിഷനിൽ നടപ്പാക്കിവരുന്നു.

(ബി) ഓരോ പദ്ധതിക്കും ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

(1) പുതിയ തോട്ടങ്ങളുടെ നിർമ്മാണം
(2) നിലവിലുണ്ടായിരുന്ന തോട്ടങ്ങളുടെ സംരക്ഷണം, പരിപാലനം } 144.05 ലക്ഷം രൂപ

(3) മരാമത്തു പണികൾ 16.46 ലക്ഷം രൂപ

(4) പട്ടികജാതി/പട്ടികവർഗ്ഗ ഗിരിവർഗ്ഗ വികസനം 5.44 ലക്ഷം രൂപ

(5) 1. എ.എൽ.ആർ 43,26,231 രൂപ

2. ആർ.ഡി.എഫ്. 59,79,396 രൂപ

3. ആർ.ആർ.ഡി. 14,66,055 രൂപ

4. പി.എഫ്.എം. 2,81,525 രൂപ

(സി) 4.7 കി.മീ. ദൈർഘ്യമുള്ള ഈ റോഡിന്റെ അറ്റകുറ്റപ്പണികളും റീ മെറ്റലിംഗ് ജോലികളും 28.11.2000-ൽ പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ടാറിംഗ് ജോലികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്താൻ ഉദ്ദേശിക്കുന്നു.

മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽനിന്നും നഷ്ടപ്പെട്ട തടി

91 (426) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട കോടനാട് റെയിഞ്ചിൽനിന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കമ്പനി അനധികൃതമായി കുമ്പിൾത്തടി കടത്തിക്കൊണ്ടുപോയ സംഭവത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്ത് ശിക്ഷണ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥൻമാരാണ് പ്രസ്തുത കേസ്സ് അന്വേഷിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത കേസ്സിന്റെ അന്വേഷണത്തിന് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയത് എന്നാണ്;

(ഇ) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ജി) അനധികൃതമായി കുമ്പിൾ മുറിച്ച് കടത്തിക്കൊണ്ടു പോയതിന് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കമ്പനിയുടെ പേരിൽ കേസ്സ് ചാർജ്ജ് ചെയ്തിട്ടുണ്ടോ;

(എച്ച്) തടി കടത്തിക്കൊണ്ടുപോയ വകയിൽ സർക്കാരിന് എന്തു തുകയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്;

(ഐ) സർക്കാർ നഷ്ടം പ്രസ്തുത കമ്പനിയിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly